**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156** **30-06-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ ചലച്ചിത്രമേള**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഐ.എഫ്.എഫ്.കെ.യുടെ റീജ്യണൽ ഫിലിം ഫെസ്റ്റിവൽ ഏതെല്ലാം വർഷങ്ങളിലാണ് നിലമ്പൂരിൽ നടന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ഫെസ്റ്റിവലുകളിലെ ചലച്ചിത്രാസ്വാദകരുടെ പങ്കാളിത്തം, സംഘാടനം, തിയേറ്റർ സൗകര്യങ്ങളുടെ മികവ് എന്നിവ ചലച്ചിത്ര അക്കാദമിയിലെ വിവരങ്ങളെ ഉദ്ധരിച്ച് അറിയിക്കാമോ; ചെലവുകളടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2015, 2016 എന്നീ വർഷങ്ങളിലാണ് ഐ.എഫ്.എഫ്.കെ-യുടെ റീജിയണൽ ഫിലിം ഫെസ്റ്റിവൽ നിലമ്പൂരിൽ നടത്തിയത്. പ്രസ്തുത മേളയിൽ 2015-ൽ 1500 പ്രതിനിധികളും 2016-ൽ 1100 പ്രതിനിധികളും പങ്കെടുത്തു. 2015-ലും 2016-ലും നിലമ്പൂരിലെ ഫെയ്റിലാന്റ് സ്ക്രീൻ 1-ലും 2-ലുമായിട്ടാണ് ഫെസ്റ്റിവൽ സംഘടിപ്പിച്ചത്. 2015-ൽ മേളയുടെ ആകെ ചെലവ് 18,08,196/- രൂപയും 2016-ൽ 12,63,065/- രൂപയുമാണ്. |
| (ബി) | 2016-ലെ റീജ്യണൽ ഫിലിം ഫെസ്റ്റിവൽ വേദിയിൽ വച്ച് അന്നത്തെ സാംസ്കാരിക മന്ത്രി നിലമ്പൂരിൽ റീജ്യണൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള അഭിപ്രായം അറിയിക്കാമോ; | (ബി) | ഇക്കാര്യം പരിശോധനയിലാണ്. |
| (സി) | മികവുറ്റ സാംസ്കാരിക, നാടക പ്രസ്ഥാന പാരമ്പര്യവും ചലച്ചിത്രപ്രേമികളുമുള്ള കിഴക്കൻ ഏറനാടിന്റെ ആസ്ഥാനമായ നിലമ്പൂരിൽ വർഷം തോറും കേരള ചലച്ചിത്ര അക്കാദമിയുടെ സ്ഥിരം ചലച്ചിത്രമേള ഉപാധികളോടെ സംഘടിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വ്യക്തമാക്കാമോ? | (സി) | എല്ലാ വർഷവും നിലമ്പൂരിൽ സ്ഥിരം ചലച്ചിത്ര മേള സംഘടിപ്പിക്കുന്നത് പ്രായോഗികമല്ല. ചലച്ചിത്ര മേളകൾ ഉൾപ്പെടെ അക്കാദമിയുടെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ചാണ് നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ